# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4259** — 24/10/2016 -ൽ മറുപടിക്ക്

## ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | | ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ | (എ) | നിലവിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് തലത്തിൽ ജെ.പി.എച്ച്. എൻ/ജെ.എച്ച്.ഐ മാരും ഇവരെ സൂപ്പർവൈസ് ചെയ്യാൻ എൽ.എച്ച്.ഐ /എച്ച്.ഐമാരും ഇവരെ ഏകോപിപ്പിക്കാൻ ബ്ലോക്ക് തലത്തിൽ എൽ.എച്ച്.എസ്/എച്ച്.എസ്സ് മാരും ജില്ലാ തലത്തിൽ ടെക്നിക്കൽ അസിസ്റ്റന്റ്/ ഡി.പി.എച്ച്.എൻ, എം.സി.എച്ച് ഓഫീസർമാരും സംസ്ഥാന തലത്തിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാരും അഡീഷണൽ ഡയറക്ടർമാരുമാണ്. സംസ്ഥാനത്ത് സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്റെ ഭാഗമായി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും കുടുംബക്ഷേമ കേന്ദ്രങ്ങളായി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. അതിന്റെ ഭാഗമായി ഫീൽഡ് വിഭാഗം ജിവനക്കാരുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുതകുന്ന കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. മലമ്പനി, മന്ത്, കുഷ്ഠരോഗം മുതലായ പകർച്ചവ്യാധികളെ നിവാരണം ചെയ്യുവാനും ക്ഷയരോഗം, എയ്ഡ്സ്, ജനജന്യരോഗങ്ങളായ വയറിളക്കം, മഞ്ഞപിത്തം, ടൈഫോയിഡ് മുതലായവ കുറയ്ക്കുന്നതിനും വേണ്ടിയുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ വാർഡുതലം മുതൽ സംസ്ഥാന തലം വരെ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനുവേണ്ട പരിശീലന പരിപാടികളും അവബോധ പ്രവർത്തനങ്ങളും എല്ലാ വിഭാഗം ആളുകളെയും ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്. എല്ലാ തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും നിരീക്ഷിക്കുവാനുമുള്ള മോണിറ്ററിംഗ് സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രാഥമിക ആരോഗ്യ രംഗത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കാനുള്ള പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ